

# കുഞ്ഞനുറുമ്പും കുഞ്ഞുപൂവും

• ധന്യ എം. ബി

ഒരിടത്തൊരിടത്ത് ഒരു കുഞ്ഞനുറുമ്പ് ഉണ്ടായിരുന്നു. ഒരു ദിവസം അവൻ ഒരു അരിമണി ചുമന്ന് വരികയായിരുന്നു. പെട്ടെന്ന് ഇടി വെട്ടി. മഴ വരുന്നുണ്ട്. കുഞ്ഞനുറുമ്പ് പേടിച്ചു. അവൻ ചുറ്റും നോക്കി. അടുത്തായി ഒരു കുഞ്ഞു ചെടിയിൽ ഒരു കുഞ്ഞു മഞ്ഞപ്പൂവ് വിരിഞ്ഞു നിൽക്കുന്നു. കുഞ്ഞനുറുമ്പ് മഞ്ഞ പൂവിനോട് ചോദിച്ചു:

“കുഞ്ഞു പൂവേ,
മഞ്ഞ പൂവേ
ഇടി വെട്ടുന്നു മഴ വരുന്നു
കുഞ്ഞനുറുമ്പിനും
അരിമണിക്കും
മഴയിൽ കുടയായ്
നിൽക്കാമോ”...?

“അതിനെന്താ, കുഞ്ഞനുറുമ്പ് എന്റെ ഉള്ളിൽ കേറി ഇരുന്നോ

▸▸ മദ്ധ്യ അക്ഷാംശരേഖ എത്ര ഡിഗ്രിയാണ്– 45 ഡിഗ്രി



# വായിച്ചുകൊടുക്കാൻ

ളൂ. അരിമണി ചെടിയുടെ വേരുകൾക്കിടയിൽ വെച്ചോളൂ. അത് ഒലിച്ചു പോവില്ല.'' കുഞ്ഞു പൂവ് പറഞ്ഞു.

കുഞ്ഞനുറുമ്പ് അരിമണി കുഞ്ഞു ചെടിയുടെ വേരുകൾക്കിടയിൽ ഒളിപ്പിച്ചു വെച്ചു. എന്നിട്ട് കുഞ്ഞു പൂവിന്റെ ഇതളുകൾക്കുള്ളിൽ കേറിയിരുന്നു.

വൈകാതെ മഴ തുടങ്ങി. കുഞ്ഞു പൂവ് താഴേക്ക് കൂമ്പി നിന്നു. കുഞ്ഞനുറുമ്പ് മഴ നനയാതെ കുഞ്ഞു പൂവിനുള്ളിൽ ഇരുന്നു.

കുറച്ചു നേരം കഴിഞ്ഞപ്പോൾ മഴ ശമിച്ചു. കുഞ്ഞനുറുമ്പ് കുഞ്ഞുപൂവിനുള്ളിൽനിന്നും പുറത്തു വന്നു. അവൻ താഴേക്കു നോക്കി.

“ഭാഗ്യം അരിമണി ഒലിച്ചു പോയിട്ടില്ല. അത് വേരുകൾക്കിടയിൽ തങ്ങി നിൽക്കുന്നുണ്ട്,''

അവന് സന്തോഷമായി.

“താങ്ക്യൂ കുഞ്ഞു പൂവേ, ഈ ഉപകാരം ഞാൻ ഒരിക്കലും മറക്കില്ല' അവൻ പോകാനൊരുങ്ങി”.

പെട്ടെന്ന് രണ്ട് കൊച്ചു കുട്ടികൾ അങ്ങോട്ട് വന്നു. കുഞ്ഞു പൂവിനെ കണ്ട് അവർക്ക് വലിയ ഇഷ്ടമായി.

“മഞ്ഞ നിറമുള്ള പൂവ്
നല്ലൊരു കുഞ്ഞു പൂവ്
എന്തു ഭംഗി പൂവ്!
പറിച്ചെടുക്കണം പൂവ്.''

കുഞ്ഞു പൂവ് ഇതു കേട്ട് പേടിച്ചു വിറച്ചു. ഒരു കുട്ടി പൂ പറിക്കാൻ കൈ നീട്ടി. കൈ പൂഞെട്ടിൽ തൊട്ടതും കുഞ്ഞനുറുമ്പ് കൈയിൽ ഒരു കടി കൊടുത്തു.

“അയ്യോ...!'' കുട്ടി കരഞ്ഞുകൊണ്ട് കൈ വലിച്ചു.

“ഈ പൂവിൽ നിറയെ ഉറുമ്പാണെന്ന് തോന്നുന്നു. നമുക്ക് വേറെ പൂവ് പറിക്കാം.'' അവർ അവിടെ നിന്നും പോയി.

“താങ്ക്യൂ കുഞ്ഞനുറുമ്പേ...!'' കുഞ്ഞു പൂവ് കുഞ്ഞനുറുമ്പിന് നന്ദി പറഞ്ഞു.

•

▸▸ ഭൂമിയുടെ ആകൃതി ഏതു പേരിൽ അറിയപ്പെടുന്നു– ജിയോയിഡ്